സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് – നെയ്യാറ്റിൻകര ഗ്രൂപ്പിൽപ്പെട്ട വെള്ളായണി സബ്ഗ്രൂപ്പിലെ ദേവസ്വങ്ങൾ പുന:ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC No. 10768/22/Est-1 നന്തൻകോട്, 27/03/2023

---

പരാമർശം :– ദേവസ്വം കമ്മീഷണറുടെ 06–03–2023 ലെ ROC 17568/22/Est-A നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

നെയ്യാറ്റിൻകര ഗ്രൂപ്പിലെ വെള്ളായണി സബ്ഗ്രൂപ്പിലെ ദേവസ്വങ്ങളുടെ എണ്ണം കൂടുതലായതിനാലും ആയവ തമ്മിൽ അകലം കൂടുതലായതിനാലും ടി ഗ്രൂപ്പിലെ പ്രധാനപ്പെട്ടതും കാളിയൂട്ട് മഹോത്സവം നടക്കുന്നതുമായ വെള്ളായണി ദേവസ്വത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നല്ല രീതിയിൽ കൊണ്ടുപോകുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുവെന്നും ആകയാൽ ടി സബ്ഗ്രൂപ്പിലെ ദേവസ്വങ്ങളുടെ പുന:ക്രമീകരണം നടത്തി വെമ്പന്നൂർ, ഉദയമാർത്താണ്ഡേശ്വരം, തൃപ്പലിയൂർ എന്നീ ദേവസ്വങ്ങൾ വെങ്ങാനൂർ സബ്ഗ്രൂപ്പിലേക്കും നീറമൺകര, നമ്പ്യാർമൂല എന്നീ ദേവസ്വങ്ങൾ തിരുവനന്തപുരം ഗ്രൂപ്പിലെ തളിയൽ സബ്ഗ്രൂപ്പിലേക്കും മാറ്റുന്നതിനുള്ള നടപടി ഉണ്ടാകണമെന്നും വിവരിച്ച് നെയ്യാറ്റിൻകര ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണെന്ന് വിവരിച്ച് ദേവസ്വം കമ്മീഷണറുടെ പരാമർശം റിപ്പോർട്ട് ലഭിച്ചു.

ടി വിഷയത്തിൽ തിരുവനന്തപുരം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാക്കിയതിൽ വെള്ളായണി ദേവസ്വത്തിൽ മൂന്നു വർഷത്തിലൊരിക്കൽ നടക്കുന്നതും 70 ദിവസത്തോളം നീണ്ടു നിൽക്കുന്നതുമായ ഉത്സവത്തിന്റെ മുന്നൊരുക്കങ്ങൾ മാസങ്ങൾക്ക് മുൻപേ ആരംഭിക്കേണ്ടതുണ്ടെന്നും കൂടാതെ വളരെ പ്രത്യേകതകളുള്ളതും ജനത്തിരക്കുള്ളതുമായ വെള്ളായണി ക്ഷേത്രത്തിന്റെ കാര്യങ്ങൾ നടത്തികൊണ്ടുപോകുന്നതിന് സബ്ഗ്രൂപ്പ് ആഫീസറുടെ സേവനം എന്നും ക്ഷേത്രത്തിൽ ഉണ്ടാകേണ്ടതാണെന്നും ആകയാൽ 11 ദേവസ്വങ്ങൾ ഉള്ള വെള്ളായണി സബ്ഗ്രൂപ്പിലെ വെമ്പന്നൂർ, ഉദയമാർത്താണ്ഡേശ്വരം,

(മറുപുറം)

തൃപ്പലിയൂർ എന്നീ ദേവസ്വങ്ങൾ വെങ്ങാനൂർ സബ്ഗ്രൂപ്പിലേക്കും നീറമൺകര, നമ്പ്യാർമൂല എന്നീ ദേവസ്വങ്ങൾ തിരുവനന്തപുരം ഗ്രൂപ്പിലെ തളിയൽ സബ്ഗ്രൂപ്പിലും ഉൾപ്പെടുത്താവുന്നതായും അഭിപ്രായപ്പെട്ടിട്ടുള്ളതാണെന്നും ആയതിന്മേൽ ഉത്തരവുണ്ടാകണമെന്നും ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടിൽ തുടർന്ന് വിവരിച്ചിട്ടുണ്ട്.

പ്രസ്തുത വിഷയം ബോർഡ് വിശദമായി പരിശോധിച്ചതിൽ, മേൽപ്രകാരം വെള്ളായണി സബ്ഗ്രൂപ്പിലെ ക്ഷേത്രങ്ങളുടെ പുന:ക്രമീകരണം നടത്തേണ്ടതാണെന്ന് വിലയിരുത്തി. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

നെയ്യാറ്റിൻകര ഗ്രൂപ്പിലെ വെള്ളായണി സബ്ഗ്രൂപ്പിലെ വെമ്പന്നൂർ, ഉദയമാർത്താണ്ഡേശ്വരം, തൃപ്പലിയൂർ എന്നീ ദേവസ്വങ്ങൾ ടി ഗ്രൂപ്പിലെ വെങ്ങാനൂർ സബ്ഗ്രൂപ്പിലും നീറമൺകര, നമ്പ്യാർമൂല എന്നീ ദേവസ്വങ്ങൾ തിരുവനന്തപുരം ഗ്രൂപ്പിലെ തളിയൽ സബ്ഗ്രൂപ്പിലും ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK